പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5818 03.11.2016 -ൽ മറുപടിക്ക്

# 'നിയുക്തി -2017' ജോബ് ഫെയറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.യു.ആർ.പ്രദീപ്<br>ശ്രീ. വി.ജോയി | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെ പങ്കെടുപ്പിച്ചു കൊണ്ട് 'നിയുക്തി 2017 'എന്ന പേരിൽ ജോബ് ഫെയറുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട് |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | ബി) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് സ്വകാര്യ മേഖലയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് തൊഴിൽ മേളകൾക്ക് തുടക്കം കുറിച്ചിട്ടുള്ളത്. |
| സി) ഇതുമൂലം സ്വകാര്യ മേഖലയിൽ എത്ര പേർക്ക് തൊഴിൽ നൽകാനാകു-മെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ ? | സി) 'നിയുക്തി 2017 ' ജോബ് ഫെയർ മുഖേന ഈ വർഷം സ്വകാര്യ മേഖലയിൽ കുറഞ്ഞത് 5000 പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത തൊഴിൽ മേളയിൽ പങ്കെടുക്കുന്നതിന് ഉദ്യോഗദായകർക്കും, ഉദ്യോഗാർത്ഥികൾക്കും ഓൺ ലൈനായി വകുപ്പിന്റെ വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും, എംപ്ലോയബിലിറ്റി സെന്ററുകളുടെയും. എംപ്ലോയബിലിറ്റി സെന്ററിന്റെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ നടത്തുന്ന KASE-ന്റേയും സഹകരണത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിലായി സംഘടിപ്പിക്കുന്ന പ്രസ്തുത തൊഴിൽ മേളയിലൂടെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാനത്തൊട്ടാകെയുള്ള അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ